കുടിയായ്മ നിയമപ്രകാരമുള്ള മര്യാദപ്പാട്ടം.

*1747. [18] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) മലബാർ കുടിയായ്മ നിയമപ്രകാരമുള്ള മര്യാദപ്പാട്ടം കണക്കാക്കിക്കിട്ടാൻ കൃഷിക്കാർ പാട്ടക്കോടതികളിൽ കൊടുത്ത ഹർജികൾ ഏതെങ്കിലും ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു പാട്ടക്കോടതികളിലെ ഹർജികളാണ് ; എത്ര എണ്ണം ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഉണ്ട്.

(ബി) ചിറ്റൂർ 1.
മഞ്ചേരി 1.
പെരുന്തൽമണ്ണ 1.
പാലക്കാട് 8.
ആലത്തൂർ 1.

ആകെ പന്ത്രണ്ട്. ഈ സ്റ്റേറേ് ആവശ്യപ്പെട്ടിരിക്കുന്നവരെ എല്ലാം ബാധിക്കുന്നതാണ്. പന്ത്രണ്ട കേസ്സുകളാണുള്ളത്. ഈ പന്ത്രണ്ട കേസ്സുകളെ ബാധിക്കുകയുള്ളൂ. വേറെ ഒരു റിട്ട് ഹർജിയുള്ളതു, റിട്ട ഹൈക്കോടതി തള്ളിയിരിക്കുകയാണ്.

ഹരിജൻ ഹോസ്റ്റലുകൾ.

*1748. [19] ശ്രീ. കെ. ഇച്ചരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സ്റ്റേറിൽ എത്ര ഹരിജൻ ഹോസ്റ്റലുകൾ ഉണ്ട് ;

(ബി) ഹരിജൻ ഹോസ്റ്റലുകളിൽ നടന്നുവരുന്ന അഴിമതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്താണെന്നു പറയുവാൻ മയവുണ്ടാകുമോ ;

(ഡി) ഈ അഴിമതികളെപ്പറ്റി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ അടങ്ങുന്ന ഒരു കമ്മിറ്റിയെ വച്ചു് അന്വേഷിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) ഇപ്പോൾ 26 ഗവണ്മെൻറ് ഹരിജൻ ഹോസ്റ്റലുകൾ നടത്തിവരുന്നുണ്ട്.

(ബി-സി) ചില വിദ്യാർത്ഥികളുടേയും വാർഡന്മാരുടേയും പെരുമാറ്റത്തെപ്പറ്റി, ചില ആക്ഷേപങ്ങൾ ലഭിച്ചിരുന്നു.

(ഡി) ഗവണ്മെൻറ് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. അന്വേഷണത്തിനു് ഒരു കമ്മിറ്റിയെ നിയോഗിക്കേണ്ട ആവശ്യമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഗവണ്മെൻറിനു് ലഭിച്ചിട്ടുള്ള ആക്ഷേപങ്ങളുടെ സ്വഭാവമെന്താണ് ?

ശ്രീ. പി. കെ. ചാത്തൻ : ആക്ഷേപങ്ങൾ അവിടത്തെ കുട്ടികളും വാർഡന്മാരുമായിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങളും ചിലരുടെ നടപടിപ്പിശകുകളുമെപ്പറ്റിയും, ചില നടപടികൾ കുട്ടികളുടെ പേരിൽ എടുത്തതിനെപ്പറ്റിയും മറ്റുമായിരുന്നു. ആ ഡിപ്പാർട്ടുമെൻറ് അപ്പോഴപ്പോൾ ഇടപെട്ട അന്വേഷണം നടത്തി തീരുമാനം എടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ‌ച്ചരൻ : ഈ ഹരിജൻ ഹോസ്റ്റലുകളിലുള്ള അഴിമതികൾ ഉണ്ടാകുമ്പോൾ അവയെപ്പറ്റി അന്വേഷിക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരാണു് ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെയുള്ള അഴിമതിയൊന്നും അവിടെ നടക്കുന്നില്ല ഈ ഹരിജന ഹോസ്റ്റലിലെ കുട്ടികളും വാർഡന്മാരും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ മാത്രമാണു്. അതിനെപ്പറ്റി അന്വേഷിക്കാൻ അവിടെ ഫീൽഡ് അഫീസന്മാരും ഡിസ്ട്രിക്റ്റ് ആഫീസന്മാരും ഉണ്ടു്. അവർ ഇടപെട്ടു വേണ്ട ഏർപ്പാടുകൾ ചെയ്യും. പിന്നെ കാര്യേജ് ഹോസ്റ്റലിലെ കാര്യത്തിൽ പ്രിൻസിപ്പാളിനും ചില മുമതലകളുണ്ടു്.

ശ്രീ. കെ. ഇ‌ച്ചരൻ : ഈ ഹോസ്റ്റലുകളിലെ ഉദ്യോഗസ്ഥന്മാരും യോജിച്ചുകൊണ്ടു് ഈ മാതിരി അഴിമതികൾ ഒളിച്ചു് വയ്ക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഇവരെ കാത്തു രക്ഷിക്കാൻ പറ്റിയ ഉദ്യോഗസ്ഥന്മാരില്ലാത്തതുകൊണ്ടു് ഈ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾ ധാർമ്മികമായി അധഃപതിച്ചു് വരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെ പെട്ടിട്ടില്ല. എന്തെങ്കിലും ബുദ്ധിമുട്ടുകൾ അവർക്കുണ്ടായിട്ടുണ്ടെങ്കിൽ അതു ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം അന്വേഷണം നടത്താൻ വേണ്ട ഏർപ്പാടു ചെയ്യുന്നതായിരിക്കും.

ശ്രീ. സി. എ. മാത്യു : ഈ ഹരിജൻ ഹോസ്റ്റലുകൾ നിർത്തി ഹരിജൻ വിദ്യാർത്ഥികളെ മറ്റു ഹോസ്റ്റലുകളിൽ താമസിപ്പിക്കാൻ അവർക്കു പ്രവേശനം കൊടുത്താൽ പോരെ ?

ശ്രീ. പി. കെ. ചാത്തൻ : എല്ലാ കോളേജു ഹോസ്റ്റലുകളിലും ഒരു നിശ്ചിത ശതമാനം ഹരിജന വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നുണ്ടു്. മലബാർ ഭാഗത്തു ചൈൽഡ്സ് ഹോമുകളിലെ കുറെ അധികം വിദ്യാർത്ഥികൾക്കും ക്ലാസുകൾക്കും കൊടുക്കാൻ ഏർപ്പാടു ചെയ്തിട്ടുള്ള ഹോസ്റ്റലുകളിലെ കാര്യമാണു് വിടെ പറഞ്ഞതു്.

ശ്രീ. കെ. കുഞ്ഞാമു : ഒരു ഹരിജൻ ഹോസ്റ്റലിൽ താമസിച്ചിരുന്ന ഹരിജനവിദ്യാർത്ഥികൾക്കു് ഭക്ഷണം കൊടുക്കാതെ പട്ടിണി ഇട്ടു വിഷമിപ്പിച്ചതായി പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : ഒരുനേരത്തെ ഭക്ഷണം ശരിക്കു് കൊടുത്തിട്ടില്ലെന്നു പരാതിപ്പെട്ടിട്ടുണ്ടു്.

ശ്രീ. കെ. കുഞ്ഞാമു : ആ ഹോസ്റ്റലിലെ ഹരിജനവിദ്യാർത്ഥികൾക്കു് രണ്ടുദിവസം ഭക്ഷണം കൊടുത്തിട്ടില്ല എന്നു പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അതു ശരിയല്ല. അതേപ്പറ്റി റൂൾ 66 അനുസരിച്ചു് ഇവിടെ വിശദീകരണം വന്നതാണു്. ആരോപണം മുഴുവൻ ശരിയല്ലായിരുന്നു.

ശ്രീ. കെ. കുഞ്ഞാമു : അതു ശരിയാണെന്നുണ്ടെങ്കിൽ ഗവണ്മെന്റു് അതു സംബന്ധിച്ചു് ഒരു പരസ്യാന്വേഷണത്തിനു് തയാറാകുമോ ?

ശ്രീ. പി. കെ. ചാത്തൻ : അതിന്റെ ആവശ്യമില്ല. ഇല്ലാത്ത കാര്യത്തെപ്പറ്റി എന്തന്വേഷണം ? ഇതെത്രയോ തവണ മറുപടി പറഞ്ഞിട്ടുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി ഹരിജനോന്നമന ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനത്തെപ്പറ്റി ചോദിക്കാനവകാശമില്ല എന്നു പറഞ്ഞാൽ ഞങ്ങൾ ഒരൊറ്റ അക്ഷരം ചോദിക്കുകയില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഈ പട്ടിണി നിരാഹാരവൃത്തത്തിൽ പെടുമോ ?

അദ്ധ്യാപകരെ പിരിച്ചുവിട്ടതിനെ സംബന്ധിച്ചുള്ള പരാതി.

* 1749. [20] ശ്രീ. എം. കെ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടു ജില്ലയിൽ അരിയല്ലൂർ ദേവിവിലാസം യു. പി. സ്കൂൾ (മലപ്പുറം വിദ്യാഭ്യാസജില്ല) അദ്ധ്യാപകരായ ഏഴുപേരെ നാലു മുതൽ എട്ടുവരെ കൊല്ലം സസ്പെൻഷനായിട്ടും 1956 സെപ്റ്റംബർ 9-ാം തീയതി മുതൽ ഡിസംബർ 10 വരെ സസ്പെൻഡുചെയ്യുകയും 10-12-1956 മുതൽ പിരിച്ചുവിടുകയും ചെയ്തതിനെ സംബന്ധിച്ചു പരാതികൾ കിട്ടിയിട്ടു് എത്ര കാലമായി ;

(ബി) ആ പരാതിയിന്മേൽ എന്തു നടപടികളാണു് എടുത്തതു് ;

(സി) പിരിച്ചുവിട്ട അദ്ധ്യാപക്കു് വീണ്ടും ആ സ്കൂളിൽ ജോലി കൊടുത്തുവോ ;

(ഡി) പിരിച്ചുവിടാനുള്ള കാരണം കാണിച്ചു് ഡിപ്പാർട്ടുമെന്റിനെ അറിയിച്ചിരുന്നുവോ ;

(ഇ) അദ്ധ്യാപകന്മാരെ തിരിച്ചെടുത്തില്ലെങ്കിൽ ആവശ്യമായ നടപടികൾ എടുത്തു് അവരെ തിരിച്ചെടുപ്പിക്കുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) പ്രസ്തുത സംഗതിയെ സംബന്ധിച്ചു് ഗവണ്മെന്റിൽ ഒരു പരാതി ലഭിച്ചു. അതിനെപ്പറ്റി പല പരാതികളും കിട്ടീട്ടുണ്ടു്.

(ബി) ഗവണ്മെന്റിലേക്കു് ലഭിച്ച പരാതികൾ ഡയറക്ടർക്കു് അയച്ചുകൊടുക്കുകയുണ്ടായി. വേണ്ട നടപടിയെടുത്തു റിപ്പോർട്ടു ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു.

(സി, ഡി, ഇ.) ഈ പരാതികളിൽ, സ്കൂൾ ഗവണ്മെന്റിലേക്കു് ഏറ്റെടുക്കണമെന്നും ഏറ്റെടുക്കുകയാണെങ്കിൽ പിരിച്ചുവിട്ടിട്ടുള്ള അദ്ധ്യാപകന്മാരെ എല്ലാം പ്രവേശിപ്പിക്കണമെന്നുമാണു്. സ്കൂൾ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചു് ഗവണ്മെന്റു തീരുമാനമെടുത്തിട്ടില്ല. സ്കൂൾ ഏറ്റെടുക്കുന്നതും ഈ അദ്ധ്യാപകരെ റീ ഇൻസ്റ്റേറ്റു് ചെയ്യുന്നതുമുള്ള നടപടി പൂർത്തിയായിട്ടില്ല.

ശ്രീ. എം. കെ. കേളു : അവരെ തിരിച്ചെടുക്കണമെന്നു പരാതികൾ ഗവണ്മെന്റിനു ലഭിച്ചിട്ടെത്രകാലമായി ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനു ഒരു തീരുമാനമെടുക്കാൻ കുറെ സമയം വേണ്ടിവരുന്നതു് ഫൈനാൻസു ഡിപ്പാർട്ടുമെന്റുമായി ഈ കാര്യം ആലോചിച്ചിട്ടുവേണം ഒരു തീരുമാനം എടുക്കാൻ. ഇതു പരിശോധിച്ചുവരുകയാണു്. താമസിയാതെ തീരുമാനമുണ്ടാക്കാം.

ശ്രീ. എം. കെ. കേളു : ഈ സ്കൂൾ ഏറ്റെടുക്കുന്നതിനും അതിലെ അദ്ധ്യാപകന്മാരെ തിരിച്ചെടുക്കുന്നതിനും ഗവണ്മെന്റു ഡിപ്പാർട്ടുമെന്റിനോടു് അവശ്യപ്പെട്ടിരുന്നോ ; അതിന്മേൽ ഡിപ്പാർട്ടുമെന്റു തീരുമാനമെടുക്കാതിരുന്നതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly